കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 7 | ജൂലായ് 15, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

അകത്താളുകളിൽ

2 ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണോദ്ഘാടനം ഗവർണർ നിർവഹിച്ചു

3 നഗരപ്രദേശങ്ങളിലെ വിഷരഹിത കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകും കൃഷിമന്ത്രി

7 "എല്ലാ വീട്ടിലും ഒരു പോഷകത്തോട്ടം" 'പദ്ധതിയ്ക്ക് തുടക്കമായി

# കാർഷികമേഖല പുതിയ തലമുറയുടെ കയ്യിൽ ഭദ്രം - കൃഷി മന്ത്രി പി പ്രസാദ്

കാർഷികമേഖല പുതിയ തലമുറയുടെ കയ്യിൽ ഭദ്രമെന്നു കൃഷി മന്ത്രി പി പ്രസാദ്. പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കൂനമ്മാവ് സെന്റ്. ജോസഫ് ബോയ്സ് ഹോമിലെ വിദ്യാത്ഥികളുടെ കൃഷിയിടമായ കൈതാരം പൊക്കാളി പാടശേഖരത്തിൽ വിത്തിറക്കൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകായായിരുന്നു മന്ത്രി. പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തിരുവാതിര ഞാറ്റുവേല - വിത്തെഴുത്ത് പറ നിറച്ച് മന്ത്രി ഉദ്ഘാടനം ചെയ്തു. നാളെയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങൾ നമ്മളെ നയിക്കണം. കൃഷിയോടുള്ള അവരുടെ ഗൗരവവും താൽപര്യവും നാം മാതൃകയാക്കണമെന്നും മന്ത്രി പറഞ്ഞു. കൈതാരം പാടശേഖരത്തിൽ കൃഷി ഇറക്കുന്ന സെന്റ്. ജോസഫ് ബോയ്സ് ഹോമിലെ വിദ്യാർത്ഥികളെ മന്ത്രി അഭിനന്ദിച്ചു. ജീവിക്കുന്നതിനു ഊർജ്ജം ഭക്ഷണത്തിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്. അതിനാൽ തന്നെ ജീവിതത്തിന്റെ അടിസ്ഥാനമാണ് കൃഷി. ഭക്ഷണം കഴിക്കാൻ അർഹതയുള്ളവർ കൃഷിയുമായി ബന്ധമുള്ളവർ ആകണം ദിവസവും അരമണിക്കൂറെങ്കിലും കൃഷിക്കായി നീക്കിവെച്ചാൽ വിഷരഹിതമായ ഭക്ഷണം നമ്മുക്ക് കഴിക്കുവാൻ സാധിക്കും. കോവിഡ് കാലം നമ്മെ ബോധ്യപ്പെടുത്തിയത് ആരോഗ്യത്തെക്കാൾ വലിയ ധനം എല്ലാ എന്നാണ്. കാർഷികരംഗത്തെ പ്രശ്നങ്ങളും പൊക്കാളി കർഷകരുടെ പ്രശ്നങ്ങളും പരിഹരിക്കാൻ വേണ്ട എല്ലാ പിന്തുണയും നൽകാൻ കൃഷി വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു. ടൗട്ടെ ചുഴലിക്കാറ്റിന് മുൻപുവരെയുള്ള എല്ലാ ഫണ്ടുകളും കൃഷിവകുപ്പ് അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖലയുമായി സഹകരിച്ച




ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

വൈവിധ്യമാർന്ന ഓരോ കാർഷിക ഉത്പന്നത്തെയും മൂല്യവർധിത ഉല്പന്നമാക്കി മാറ്റുന്ന പദ്ധതി ഇതിനോടകം ആരംഭിച്ചു എന്നും മന്ത്രി പറഞ്ഞു. നൂറു ദിന പദ്ധതിയിലുൾപ്പെടുത്തി 150 ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് സംഘങ്ങളാണ് രൂപീകരിക്കുക. കൃഷിക്കാരനെ സംരക്ഷിക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുമെന്നും കൃഷിക്കാരന് കൃഷിയിലൂടെ അന്തസ്സാർന്ന ജീവിതം നയിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

അന്യം നിന്നുകൊണ്ടിരിക്കുന്ന പൊക്കാളി നെൽകൃഷിയുടെ സമൃദ്ധി തിരികെ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് പൊക്കാളി കൃഷി വ്യാപിപ്പിക്കുന്നത്. നിലവിൽ പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ 50 ഹെക്ടർ സ്ഥലത്തു പൊക്കാളി കൃഷി ചെയ്യുന്നുണ്ട്. പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിംന സന്തോഷ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ എസ് സനീഷ് , സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ ബാബു തമ്പുരാട്ടി, ബബിത ദിലീപ് കുമാർ, ഗാന അനൂപ് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സജ്ന സൈമൺ, നിത സ്റ്റാലിൻ, കമല സദാനന്ദൻ, ആന്റണി കോട്ടക്കൽ, ജെൻസി തോമസ്, സി എം രാജഗോപാൽ, എ കെ മുരളിധരൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാരായ കെ എസ് ഷാജി, കെ ഡി വിൻസെന്റ്, രശ്മി അനിൽകുമാർ, ശാന്തിനി ഗോപകുമാർ, ദിവ്യ ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ യേശുദാസ് പറപ്പിള്ളി, കെ വി രവീന്ദ്രനാഥ്, ഷാരോൺ പനക്കൽ, കുനമ്മാവ് സെയിന്റ് ഫിലോമിനാസ് ചർച് വികാരി ഫാദർ സെബാസ്റ്റ്യൻ ലൂയിസ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ലൈല വി എം, ജോയിന്റ് ബി.ഡി.ഒ സി പി അനിൽകുമാർ ,പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ടെസ്സി എബ്രഹാം, അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ അനിത കുമാരി, അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ജിഷ, കൃഷി ഓഫീസർ കെ സി റൈഹാനെ, കൃഷി അസിസ്റ്റന്റ് കെ എസ് ഷിനു, ബോയ്സ് ഹോം ഡയറക്ടർ സംശീത് ജോസഫ്, സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റുമാർ, കാർഷിക വികസന സമിതി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ വിദ്യാർത്ഥികൾ, കർഷകർ , കർഷക തൊഴിലാളി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# കനാലുകളിൽ ഒഴുകുന്ന പൂന്തോട്ടത്തിലെ കൃഷി

ഓണത്തിന് വിളവെടുക്കാൻ പാകത്തിൽ ആലപ്പുഴ നഗരത്തിലെ കനാലുകളിൽ ഒഴുകുന്ന പൂന്തോട്ടത്തിലെ കൃഷി ആരംഭിച്ചു. നഗരത്തിന്റെ മുഖഛായ മാറ്റി വിദേശികളും സ്വദേശികളുമായ സഞ്ചാരികളെ ആകർഷിക്കുവാൻ വേണ്ടിയാണ് നഗരസഭയുടെ നേതൃത്വത്തിലുള്ള പൂ കൃഷി ആരംഭിച്ചത്. എച്ച്. സലാം എം.എൽ.എ. കൃഷി ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർപേഴ്സൺ സൗമ്യാ രാജ്, സ്റ്റാന്റിംഗ് കമ്മറ്റി അധ്യക്ഷരായ ബിന്ദു തോമസ്, ബീനാ രമേശ്, എ ഷാനവാസ്, ആർ വിനീത, കെ ബാബു, കക്ഷി നേതാക്കളായ MR പ്രേം, ഡി പി മധു, സലിം മുല്ലാത്ത്, ആർ രതീഷ് നഗരസഭാ സെക്രട്ടറി നീതുലാൽ തുടങ്ങിയവർ പങ്കെടുത്തു. ആലപ്പുഴയിലെ കനാലുകളുടെ ശാപമായ പോളയും പായലും ഗുണപരമായി പ്രയോജനപ്പെടുത്തുന്നതിലൂടെ ഇവയുടെ ശല്യം ഒഴിവാക്കുകയും നഗരസഭ ഇതിലൂടെ ലക്ഷ്യമിടുന്നു. ഓണ സീസൺ മുന്നിൽ കണ്ട് ആദ്യഘട്ടത്തിൽ ബന്ദിപൂവ് കൃഷിയാണ് ആരംഭിച്ചത്. പിന്നീട് സൂര്യകാന്തിയും പച്ചക്കറിയും കൃഷി ചെയ്യാനാണ് പദ്ധതി. കഞ്ഞിക്കുഴിയിലെ ചൊരി മണലിൽ സൂര്യകാന്തി വിരിയിച്ച യുവ കർഷകരായ സുജിത്തിനും അജിത്തിനുമാണ് കൃഷിയുടെ മേൽനോട്ടം.



# മൂർത്താക്കപ്പാടത്ത് കൃഷി മന്ത്രി പി. പ്രസാദ് പൊക്കാളി നെൽകൃഷി വിത്ത് വിതച്ചു

നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്‌ളൈമറ്റ് ചേഞ്ച് പദ്ധതി പ്രകാരം വരാപ്പുഴ പഞ്ചായത്തിലെ മൂർത്താക്കപ്പാടത്ത് പൊക്കാളി നെൽകൃഷി വിത്ത് വിതയ്ക്കൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിച്ചു. വരാപ്പുഴ പഞ്ചായത്തിലെ തുണ്ടത്തും കടവ് മൂർത്താക്കപാടശേഖരത്തിൽ മത്സ്യത്തൊഴിലാളികളായ അഞ്ച് യുവാക്കൾ ചേർന്ന് അഞ്ച് ഹെക്ടർ സ്ഥലം പാട്ടത്തിനെടുത്ത് വികസിപ്പിച്ചെടുത്ത ഫാമിൽ വിജയകരമായി ചെമ്മീൻ കൃഷിക്ക ശേഷം ആണ് പൊക്കാളി നെൽവിത്ത് വിതയ്ക്കുന്നത്. പദ്ധതിയുടെ ഭാഗമായി പാടശേഖരത്തിൽ ബണ്ട് പണികൾ നടത്തുകയും ളുമ്പുകൾ സ്ഥാപിക്കുകയും പുറം ബണ്ടുകളിൽ കണ്ടൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ഫാം ഷെഡ്, സോളാർ ലാമ്പ് എന്നിവ സ്ഥാപിക്കുകയും കുളം ഒരുക്കി മീൻ കൃഷി നടത്തുകയും ചെയ്തിട്ടുണ്ട്.

അഡാക്ക് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളം ജില്ലയിൽ എട്ട് പഞ്ചായത്തുകളിലായി 33 ഗ്രൂപ്പുകൾ 165 ഹെക്ടർ നിലങ്ങളിൽ പദ്ധതി പ്രകാരം കൃഷി പ്രവർത്തനം നടത്തുന്നത്. അഞ്ച് ഹെക്ടർ വരുന്ന കൃഷിയിടമാണ് ഒരു യൂണിറ്റ്. അടിസ്ഥാനസൗകര്യ വികസനത്തിനായി പുറംബണ്ട് നിർമ്മാണം, ളുമ്പുകൾ, ഫാം ഷെഡ്, സോളാർ ലാമ്പ്, കണ്ടൽ തൈ നടീൽ, പമ്പുകൾ സ്ഥാപിക്കൽ മറ്റു ഫാം ഉപകരണങ്ങൾ എന്നിവക്കാണ് ധനസഹായം നൽകുന്നത്.

വിത്ത് വിതയ്ക്കൽ പരിപാടിയിൽ ആലുവ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ റാണി മത്തായി, വരാപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുറാണി ജോസഫ്, വൈസ് പ്രസിഡന്റ് ടി പി പോളി സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജാൻസി ടീച്ചർ മറ്റ് ഭരണ സമിതി അംഗങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ ടെസ്സി എബ്രഹാം, അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ അനിത കുമാരി, അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ വിദ്യ ഗോപിനാഥ്, കൃഷി ഓഫീസർ ചാന്ദിനി എസ് എം, കൃഷി അസിസ്റ്റൻറ് സീന എസ്, സുലജ സി, സീന ഫ്രാൻസിസ്, ദിനേശ് എന്നിവർ പങ്കെടുത്തു.



# അറിയിപ്പുകൾ

## സബ്സിഡിയോടെ കാർഷികയന്ത്രങ്ങൾ സ്വന്തമാക്കുന്നതിന് ജൂലൈ 1 മുതൽ അപേക്ഷിക്കാം

കേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി (SMAM) യിൽ ജൂലൈ ഒന്നുമുതൽ ഓൺലൈനായി അപേക്ഷിക്കാം. കാർഷിക യന്ത്രങ്ങൾക്ക് 40 മുതൽ 80 ശതമാനം വരെ സബ്സിഡി നൽകി യന്ത്രവൽകൃത കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. https://agrimachinery.nic.in/index എന്ന വെബ്സൈറ്റിൽ കൂടി ഇതിനുള്ള രജിസ്ട്രേഷൻ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഏതൊരാൾക്കും പൂർത്തിയാക്കാവുന്ന താണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനയുണ്ട്.

എല്ലാ വിധ കാർഷിക യന്ത്രോപകരണങ്ങളും കൂടാതെ വിള സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ ഇനം ഡ്രയറുകൾ, നെല്ല് കുത്തുന്ന മില്ലുകൾ, ധാന്യങ്ങൾ പൊടിക്കുന്ന യന്ത്രങ്ങൾ, ഓയിൽ മില്ലുകൾ തുടങ്ങിയവയെല്ലാം ഈ പദ്ധതിയിൽ കീഴിൽ ലഭ്യമാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പദ്ധതി നിബന്ധനകളോടെ 40 മുതൽ 60 ശതമാനം വരെ സബ്സിഡി ലഭ്യമാണ്. അംഗീകൃത കർഷക കൂട്ടായ്മകൾക്ക് ഫാം മെഷിനറി ബാങ്ക് സ്ഥാപിക്കുന്നതിന് പദ്ധതിതുകയുടെ 80 ശതമാനം നിരക്കിൽ പദ്ധതി നിബന്ധനകളോടെ 8 ലക്ഷം രൂപവരെയും കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി പദ്ധതി തുകയുടെ 40 ശതമാനം വരെയും സബ്സിഡി ലഭിക്കും.

ഓൺലൈനായി രജിസ്റ്റർ ചെയ്ത് മെഷീൻ വാങ്ങി കഴിഞ്ഞാൽ അതാത് ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ നിന്നും ഭൗതിക പരിശോധന നടത്തിയാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് ആദ്യം എന്ന് മുറയ്ക്കാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. സാമ്പത്തിക സഹായം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് എത്തുന്ന രീതി ആയതിനാൽ ഈ പദ്ധതിയുടെ ഒരുഘട്ടത്തിലും ഗുണഭോക്താവ് സർക്കാർ ഓഫീസിൽ വരേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്കായി മുകളിൽ പറഞ്ഞ വെബ്സൈറ്റ് സന്ദർശിക്കുകയോ അടുത്തുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ കൃഷിഭവനുമായോ 8075251014, 9895440373, 9383471799 എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail. com എന്ന ഈ -മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

രജിസ്ട്രേഷന് ആവശ്യമായ രേഖകൾ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, പാസ്പോർട്ട് സൈസ് ഫോട്ടോ, ഭൂനികുതി അടച്ച രസീത്, ജാതിസർട്ടിഫിക്കറ്റ് (പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രം)

## കർഷക അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു

കാ ർഷിക വികസന കർഷകക്ഷേമ വകുപ്പ് രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാന തല കർഷക അവാർഡിനുള്ള അപേക്ഷകൾ ക്ഷണിച്ചു. ഈ കാലയളവിൽ കാർഷികമേഖലയിലും വിജ്ഞാന വ്യാപനത്തിലും ജൈവ കൃഷിയിലും മട്ടുപ്പാവ് കൃഷിയിലും മറ്റും മികച്ച പ്രവർത്തനം കാഴ്ച്ച വച്ച കർഷകർക്കും, യുവ കർഷകർക്കും, വ്യക്തികൾക്കും, മാധ്യമങ്ങൾക്കും, സ്കൂൾ കോളേജ് വിദ്യാർഥികൾക്കും, അവാർഡുകൾ നൽകുന്നു. വിവിധ അവാർഡുകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൃഷി വകുപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്. കൃഷിഭവനുകൾക്കും പഞ്ചായത്തുകൾക്കും കർഷകരെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ അപേക്ഷ പൂരിപ്പിച്ച് അടുത്തുള്ള കൃഷി ഭവനിൽ ജൂലൈ മുപ്പത്തി ഒന്നാം തീയതിയ്ക്ക് മുമ്പായി നൽകേണ്ടതാണ്. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയ്ക്കേണ്ടതാണ്.

രാജവെമ്പാലയുടെ കടിയേറ്റ് മരിച്ച തിരുവനന്തപുരം മൃഗശാലയിലെ കീപ്പറായിരുന്ന ഹർഷാദിന്റെ കുടുംബത്തിന് 20 ലക്ഷം രൂപയുടെ സഹായം ലഭ്യമാകും. ഇതിൽ 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകും. വീടും നിർമിച്ച് നൽകും. ഇതിന് പുറമെ ആശ്രിത നിയമന പദ്ധതി പ്രകാരം ഹർഷാദിന്റെ ഭാര്യയ്ക്ക് ജോലി നൽകും. മകന്റെ 18 വയസ്സുവരെയുള്ള വിദ്യാഭ്യാസ ചിലവ് സർക്കാർ ഏറ്റെടുക്കും

# വിള ഇൻഷ്വറൻസ് പക്ഷാചരണം

## കൃഷി മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ എന്ന പദ്ധതിയുടെ കീഴിൽ കർഷക സഭയും ഞാറ്റുവേല ചന്തയും വിള ഇൻഷ്വറൻസ് പക്ഷാചരണം എന്ന പദ്ധതിയുടെയും പഞ്ചായത്ത്തല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിച്ചു. കാർഷിക മേഖലയെ മുന്നോട്ട് കൊണ്ട് പോകുന്നതിനായി സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു. ലോകത്ത് അത്യപൂർവമായ കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയാണ് രാജ്യത്തുള്ളത്. സംസ്ഥാനത്ത് നഴ്സറി നിയമം നടപ്പിലാക്കുമെന്നും കർഷകർ വഞ്ചിതരാകാതിരിക്കാൻ ഫലപ്രദ ഇടപെടൽ നടത്തുമെന്നും മന്ത്രി പറഞ്ഞു. കൂടാതെ കർഷകർക്ക് വിളകൾക്ക് ന്യായ വില ലഭിക്കുന്നത് ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

ആലങ്ങാട് ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കാർഷിക കർമ്മസേനയും, നീറിക്കോട്, കൊങ്ങോർപ്പിള്ളി, ആലങ്ങാട് സഹകരണ ബാങ്ക് എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് നീറിക്കോട് സർവ്വീസ് സഹകരണ ബാങ്ക് അങ്കണത്തിൽ പരിപാടി സംഘടിപ്പിച്ചത്. ഞാറ്റുവേല ചന്തയിൽ ഫലവൃക്ഷതൈകൾ പച്ചക്കറിതൈകൾ വിവിധ ഇനം തെങ്ങിൻതൈകൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയും ഒരുക്കിയിട്ടുണ്ട്. ഞാറ്റുവേല ചന്ത ജൂലൈ 2 ന് സമാപിക്കും. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് ഞാറ്റുവേല ചന്തയുടെ ആദ്യവിൽപ്പന നിർവ്വഹിച്ചു.

ആലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മനാഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ.വി.രവീന്ദ്രൻ, യേശുദാസ് പറപ്പിള്ളി, എ.എസ്.അനിൽകുമാർ, ബ്ലോക്ക് പഞ്ചായത്ത് വൈസ്സ് പ്രസിഡന്റ് എം.ആർ.രാധാകൃഷ്ണൻ, ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ഭാരവാഹികളായ ജയശ്രീ ഗോപിനാഥ്, അബൂബക്കർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പറായ എം.ജി.രാമചന്ദ്രൻ, പഞ്ചായത്ത് വൈസ്സ് പ്രസിഡന്റ് ലത പുരുഷൻ, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഭാരവാഹികളായ പി.ആർ.ജയകൃഷ്ണൻ, സുനി സജീവൻ, വിൻസന്റ് കാരിക്കശ്ശേരി, സഹകരണ ബാങ്ക് പ്രസിഡന്റുമാരായ ജോളി പൊള്ളയിൽ, ഹരി.കെ.ജി, ദിലീപ് കുമാർ സി.എസ്, വാർഡ് മെമ്പർ വി.ബി.ജബ്ബാർ, ആലങ്ങാട് കാർഷിസേന സെക്രട്ടറി കെ.ആർ.ബിജു പ്രിൻസിപ്പൽ കൃഷി ഓഫീസർ ടെസ്സി എബ്രഹാം, ആത്മ പ്രൊജക്ട് ഡയറക്ടർ സൂസൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ അനിത കുമാരി.വി, ബബിത.ഇ.എം, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ വിദ്യ ഗോപിനാഥ്, കൃഷി ഓഫീസർ സിബി.വി.ജി, കർഷകർ, കർഷക തൊഴിലാളി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.



# കുട്ടമ്പുഴ കുള്ളൻ (പെരിയാർ പശു) സംരക്ഷണം

പെരിയാറിന്റെ തീരത്തെ വനമേഖലയിൽ കണ്ടുവരുന്നതും വംശനാശ ഭീഷണി നേരിടുന്നതുമായ നാടൻ പശുക്കളുടെ വർഗ്ഗസംരക്ഷണത്തിനായുള്ള പദ്ധതി ജൂലൈ മാസം 9 ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി ഉത്ഘാടനം ചെയ്തു. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, കേരള കന്നുകാലി വികസന ബോർഡ്, കുട്ടമ്പുഴ കുള്ളൻപശു പ്രജനന പരിപാലന സംഘം എന്നിവയുടെ കൂട്ടായ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കുട്ടമ്പുഴ കുള്ളൻ (പെരിയാർ പശു) എന്നറിയപ്പെടുന്ന ഇവയുടെ സംരക്ഷണവും വംശവർദ്ധനവും ഉറപ്പാക്കാൻ ഈ ഇനത്തിൽപെട്ട രണ്ട് കാളകളെ ബീജ ശേഖരണത്തിനായി കേരള കന്നുകാലി വികസന ബോർഡ് ഏറ്റെടുത്തു. വെച്ചൂർ പശുക്കൾക്ക് ശേഷം കേരളത്തിൽ നിന്ന് രണ്ടാമതായി അംഗീകൃത ഇനമെന്ന പദവി നേടുന്നതിനു സാദ്ധ്യതയുള്ള ഇനമാണ് കുട്ടൻമ്പുഴ കുള്ളൻ.





# ലോക ജന്തുജന്യാരോഗ്യ ദിനാഘോഷം

ലോക ജന്തു ജന്യാരോഗ്യ ദിനത്തോടനുബന്ധിച്ച് ഇൻഡ്യൻ വെറ്ററിനറി അസോസിയേഷൻ സംഘടിപ്പിച്ച ഏകാരോഗ്യാധിഷ്ഠിത ശിൽപശാല ജൂലൈ 6 ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി നിർവഹിച്ചു.



# മിൽമയുടെ ഷോപ് ഓൺ വീൽ




കേരളത്തിലെ കെ എസ്.ആർ.ടി.സി.യുടെ വിവിധ ബസ് സ്റ്റേഷനുകളിൽ നടപ്പാക്കി വരുന്ന ഷോപ് ഓൺ വീൽ സംരംഭത്തിന്റെ ഭാഗമായി മിൽമ എറണാകുളം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയന്റെ മിൽമ ബസ്സ് ഓൺ വീൽസിന്റെ ഉദ്ഘാടനം ത്രിശ്ശൂരിൽ ജൂലൈ 9 ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി നിർവഹിച്ചു. വിപണിയിലിറക്കുന്ന മിൽമയുടെ എല്ലാ ഉൽപ്പന്നങ്ങളും ഒരുകുടക്കീഴിൽ ന്യായമായ വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കെഎസ്ആർടിസിമായി സഹകരിച്ച് "ബസ് ഓൺ വീൽ ഷോപ്പി" എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് ഉപയോഗശൂന്യമായി കിടക്കുന്ന പഴയ കെഎസ്ആർടിസി ബസുകൾ



ഫുഡ്ട്രക്ക് ആക്കി മാറ്റി ആണ് ഈ വിപ്ലവകരമായ പദ്ധതി നടപ്പിലാക്കുന്നത്. എട്ടുപേർക്ക് ഇരുന്ന് കഴിക്കാൻ പാകത്തിന് ഡൈനിംഗ് സംവിധാനം ബസ്സിനകത്ത് ഒരുക്കിയിട്ടുണ്ട്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതി മിൽമയുടെ തിരുവനന്തപുരം, മലബാർ, എറണാകുളം മേഖലകളിലായി നടപ്പിലാക്കി വരുന്നു.

# കോവിഡ് സമാശ്വാസ കാലിത്തീറ്റ ധനസഹായ പദ്ധതി




ക്ഷീരവികസന വകുപ്പിന്റെ കോവിഡ് സമാശ്വാസ കാലിത്തീറ്റ ധനസഹായ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനവും കാലിത്തീറ്റ വിതരണവും പ്രസ്സ്ക്ലബിൽ വച്ച് നടന്ന ചടങ്ങിൽ മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി ജൂലൈ 7-ന് നിർവഹിച്ചു.

# മരച്ചീനി കർഷകരെ/സംരംഭകരെ - മൂല്യവർദ്ധിത ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ മുന്നോട്ട്!

**സജീവ് എം.എസ് & കൃഷ്ണകുമാർ.ടി**
ഐസിഎആർ കേന്ദ്രകിഴങ്ങുവിള ഗവേഷണ സ്ഥാപനം, തിരുവനന്തപുരം

സുഭിക്ഷകേരളം പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തി, (വലിയ പരിചരണ മുറകളൊന്നും ഇല്ലാതെ ചുരുങ്ങിയ ചെലവിൽ കൃഷി ചെയ്യാം എന്നതിനാൽ) ധാരാളം ആളുകൾ മരച്ചീനി നടുകയും തൽഫലമായി മെച്ചപ്പെട്ട വിളവ് ലഭിക്കുകയും ചെയ്തു. പക്ഷേ ഹ്രസ്വസംഭരണശേഷിയുള്ള മരച്ചീനികിഴങ്ങിന് വിപണി കണ്ടെത്താനാവാതെ, നിസ്സാരവിലയ്ക്ക് വിൽക്കുവാൻ കർഷകർ നിർബന്ധിതരായി. കൂടാതെ നമ്മുടെ സാമൂഹിക-സാമ്പത്തിക-ജീവിതക്രമങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ മൂലം മരച്ചീനിക്ക് നമ്മുടെ ആഹാരക്രമത്തിലുണ്ടായിരുന്ന പ്രമുഖ സ്ഥാനം ഇല്ലാതായതും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടി. ഒപ്പം മൂല്യവർദ്ധിത ഉൽപ്പന്നാധിഷ്ഠിത സംരംഭങ്ങളുടെ അഭാവവും തികച്ചും അനുകൂലമല്ലാത്ത ഇത്തരം സാഹചര്യങ്ങൾ മുൻകൂട്ടി കണ്ട് വരും കാലങ്ങളിൽ മൂല്യവർദ്ധനയുടേയും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിന്റേയും സാധ്യതകൾ പ്രാവർത്തികമാക്കേണ്ടതാണ്. അതിനായ് ക്രിയാത്മകവും അവസരോചിതവുമായ പ്രാദേശിക കാർഷിക സംസ്കരണ സംരംഭങ്ങൾ സുഭിക്ഷ കേരളം പദ്ധതിയുടെ അനുബന്ധമായി ആസൂത്രണം ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമെ കാർഷികരംഗത്തെ ഉൽപാദനവർദ്ധനവ്, ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ ആദായകരമാക്കാൻ സാധിക്കുകയുള്ളൂ.



# കൗമാരക്കാർക്ക് മാതൃകയായി മാത്യു ബെന്നി

സു തൊടുപുഴ വെള്ളിയാമറ്റം കറുകപ്പള്ളി കിഴക്കേപറമ്പിൽ മാത്യു ബെന്നി എന്ന എട്ടാംക്ലാസുകാരൻ കൗമാരക്കാർക്ക് അഭിമാനമാകുന്നു. പഠനത്തോടൊപ്പം പശുപരിപാലനവുംഎന്ന ആശയത്തിന് പുതിയ തലങ്ങൾ നൽകിയിരിക്കുകയാണ് മാത്യു. അച്ഛൻ ബെന്നിയുടെ പെട്ടെന്നുള്ള വേർപാടിനെ തുടർന്ന് പതറിനിന്ന കുടുംബത്തിനു കരുത്തേകിയത് മാത്യു ബെന്നി എന്ന പതിമൂന്നുകാരന്റെ മനക്കരുത്താണ്. ജീവിതം വഴിമുട്ടി നിന്ന കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ മാത്യു മുന്നിട്ടിറങ്ങി. ബെന്നിയുടെ കുടുംബത്തിന്റെ പ്രധാന വരുമാനമാർഗമായിരുന്ന കറവ പശുക്കൾ. ബെന്നിയുടെ നിര്യാണത്തോടെ കടബാദ്ധ്യതയിൽപ്പെട്ട് എന്തുചെയ്യണമെന്നറിയാതെ പതറിനിന്ന കുടുംബത്തിനാശ്വാസമായി മാത്യു സ്വയം പശുക്കളുടെ പരിപാലനം ഏറ്റെടുക്കുകയായിരുന്നു. ഈ മിടുക്കനായ കുട്ടി കർഷകന്റെ ഒരു ദിനം ആരംഭിക്കുന്നത് വെളുപ്പിനെ നാലു മണിയ്ക്കാണ്. തൊഴുത്ത് വൃത്തിയാക്കുവാനും പശുക്കളെ കറക്കുവാനും കുളിപ്പിയ്ക്കാനും എല്ലാം അമ്മയ്ക്കും സഹോദരർക്കും ഒപ്പം മുന്നിൽ നിൽക്കുന്നത് മാത്യു തന്നെ. പശുക്കളെ ചികിത്സിക്കുന്ന ഡോക്ടറാകുക എന്നതാണ് പശുപരിപാലനവും പാൽ വിൽപ്പനയും ഒക്കെയായി ജീവിതം കരുപ്പിടിപ്പിക്കാൻ തത്രപ്പെടുന്ന മാത്യുവിന്റെ ആഗ്രഹം.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh